പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2226 — 18.07.2016-ലെ മറുപടിക്ക്

## "മിച്ചഭൂമി ഏറ്റെടുക്കൽ നടപടികൾ"

**ചോദ്യം**

ശ്രീ.മുഹമ്മദ് മുഹസിൻ .പി

**മറുപടി**

ശ്രീ.ഇ.ചന്ദ്രശേഖരൻ

(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് മിച്ചഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായിട്ടുണ്ടോ; എങ്കിൽ ജില്ല തിരിച്ച് മിച്ചഭൂമി സംബന്ധിച്ച ഡാറ്റാ (വിവരശേഖരം) ലഭ്യമാക്കുമോ ; | (എ) | താലൂക്ക് ലാന്റ് ബോർഡുകൾ മിച്ചഭൂമിയായി പ്രഖ്യാപിക്കുന്ന ഭൂമി മുഴുവനും ഏറ്റെടുക്കുവാൻ കോടതി കേസ്സുകൾ, വനം വകുപ്പുമായുള്ള തർക്കം. അന്യകൈവശം എന്നീ കാരണങ്ങളാൽ തടസ്സം നേരിടാറുണ്ട്. മിച്ചഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഏറ്റെടുത്ത മിച്ചഭൂമി ഭൂരഹിതർക്ക് വിതരണം ചെയ്യാൻ എന്തെല്ലാം നടപടികൾ ഇപ്പോൾ എടുത്തു വരുന്നു; | (ബി) | കേരള ഭൂപരിഷ്കരണ നിയമം-1963-ലെ സെക്ഷൻ 85, 86 പ്രകാരം സർക്കാരിൽ നിക്ഷിപ്തമാകുന്ന മിച്ചഭൂമി ടി നിയമത്തിലെ സെക്ഷൻ 96 പ്രകാരം അർഹരായവർക്ക് പതിച്ച് നൽകിവരുന്നു. സർക്കാർ ഏറ്റെടുക്കുന്ന മിച്ചഭൂമിയിൽ. കുടികിടപ്പുകാർ ഉണ്ടെങ്കിൽ അർഹതയുടെ അടിസ്ഥാനത്തിൽ അവർക്ക് മിച്ചഭൂമി പതിച്ചു നൽകിയതിനുശേഷം പതിച്ചു കൊടുക്കുവാൻ അവശേഷിക്കുന്ന മിച്ചഭൂമി, (എ) ഭൂരഹിതരായ കർഷക ത്തൊഴിലാളികൾക്കും (ബി) യാതൊരു ഭൂമിയും വീണ്ടെടുക്കുവാൻ കഴിയാത്ത ചെറുകിട കൈവശക്കാർക്കും മറ്റ് ഭൂഉടമകൾക്കും പതിച്ചു കൊടുക്കണമെന്ന് ടി നിയമത്തിലെ സെക്ഷൻ 96(1)(i)ൽ വ്യവസ്ഥ ചെയ്യുന്നു. മിച്ചഭൂമി വിതരണം ചെയ്യുന്നതിനായി കേരള ഭൂപരിഷ്കരണ (സീലിംഗ്) ചട്ടം 27 പ്രകാരം ജില്ലാ കളക്ടർ വിജ്ഞാപനം പുറപ്പെടുവിച്ച് അപേക്ഷകൾ സ്വീകരിക്കുകയും ആയത് പരിശോധിച്ച് അർഹരായവർക്ക് പതിച്ചു നൽകുകയും ചെയ്യുന്നു. |
| (സി) | മിച്ചഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച് ഭൂവുടമകളുമായി എത്ര കേസുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ ? | (സി) | സംസ്ഥാനത്തൊട്ടാകെ വിവിധ താലൂക്ക് ലാന്റ് ബോർഡുകളിലായി 1306 സീലിംഗ് കേസ്സുകൾ നിലവിലുണ്ട്. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ